**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4542** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ വൈവിധ്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ലോകത്താകമാനം സഹകരണമേഖലയിൽ സംരംഭകത്വം, സ്ത്രീ ശാക്തീകരണം, സാങ്കേതികവിദ്യ, സ്കിൽ വികസനം എന്നിവ കരുത്താർജ്ജിച്ച് വരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിൽ സംരംഭകത്വം, സ്ത്രീ ശാക്തീകരണം, സാങ്കേതികവിദ്യ എന്നിവ കരുത്താർജ്ജിച്ച് വരുന്ന വെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA).<br><br>സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ് ടി പദ്ധതി. കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പ്രാഥമിക മേഖലയിലെ മൂല്യവർദ്ധിത പദ്ധതികളുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്ററുകൾ (സഹകരണ സംരംഭകത്വം)/ സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു. |

2. വനിത സഹകരണ സംഘങ്ങൾക്കും വനിതഫെഡിനുമുള്ള സഹായം

വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. ടി പദ്ധതിക്കായി 2024-25 സാമ്പത്തികവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം. വിവിധ പരിശീലനപരിപാടികൾ/ ശിൽപശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

3. കേരള ബാങ്ക് വ്യവസായ സംരംഭകർക്കായി വിവിധങ്ങളായ വായ്പ സ്കീമുകൾ നടപ്പിലാക്കി വരുന്നു. സാധാരണക്കാരായ തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ, MSME - ടൂറിസം മേഖലയിലെ സംരംഭകർ, ഹോട്ടൽ റസ്റ്റോറന്റ് ഉടമകൾ തുടങ്ങിയവർക്ക് വേണ്ടിയുള്ള KB Mithra MSME, KB Yuva Mithra MSME, KB GST Mithra, KB-Smart, KB-Vyaparmithra, KB-Vyaparmithra Plus തുടങ്ങിയ വായ്പ കേരള ബാങ്കിൽ നടപ്പിലാക്കി വരുന്നു.

സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി വിവിധങ്ങളായ സ്കീമുകൾ കേരള ബാങ്ക് ശാഖകൾ വഴി അനുവദിച്ചു വരുന്നു. സ്ത്രീശാക്തികരണം ലക്ഷ്യമാക്കി കേരള ഫിഷറീസ് വകുപ്പുമായി സഹകരിച്ച് KB SAF, വനിതകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി KB She two Wheeler Loan, കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനിതകൾക്കും ലളിതമായ വ്യവസ്ഥകളോടു കൂടി അനുവദിക്കുന്നKB Vanitha Plus Loan, കൂടാതെ സ്ത്രീകൾക്കായുള്ള KB Sahaja വായ്പ എന്നിവ നടപ്പിലാക്കി വരുന്നു.

കേരളത്തിലെ സാധാരണക്കാരായ എല്ലാ ഉപഭോക്താക്കൾക്കും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ഉറപ്പ് നൽകുന്നതിനായി രണ്ട് പുതിയ മൊബൈൽ ആപ്പുകളായ KB Prime Plus, KB

| | | | |
|---|---|---|---|
| | | | prime എന്നിവ കേരള ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ സേവനങ്ങളായ Online payment, UPI സേവനങ്ങൾ, IMPS, NEFTതുടങ്ങിയ സംവിധാനങ്ങൾ, Direct benefit Transfer (DBT) ആനുകൂല്യങ്ങൾ ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്ന സംവിധാനം, സർക്കാർ അനുവദിക്കുന്ന സബ്സിഡികൾ ലഭിക്കുന്നതിനുള്ള PFMS സംവിധാനം തുടങ്ങിയവ കേരള ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. Skillവികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പയായ KB Skill Loan എന്നിവ ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ സാഹചര്യത്തിൽ ടെക്നോളജി കൂടുതലായി പ്രയോജനപ്പെടുത്തിക്കൊണ്ട് വൈവിധ്യവത്കരണത്തിന് പ്രാധാന്യം നൽകി മുന്നേറാൻ സഹകരണമേഖലയെ പ്രാപ്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ടെക്നോളജി കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ട് വൈവിധ്യവൽക്കരണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സഹകരണ മേഖലയിൽ 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വൈവിധ്യവത്ക്കരണത്തിന് പ്രാധാന്യം നൽകി മുന്നേറാൻ സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിന് ഐ.റ്റി, ഐ.റ്റി അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി തിരുവനന്തപുരം ആസ്ഥാനമായി (കേരള സ്റ്റേറ്റ് ഐ.റ്റി പ്രൊഫഷണൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ.4515) ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സംഘങ്ങൾ രൂപീകരിക്കുന്നത് വഴി വിവിധ ഐ.റ്റി, ഐ.റ്റി അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് തുടങ്ങിയവരുടെ നൂതന സംരംഭ |

ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി സാമൂഹിക സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിനും, സമൂഹത്തിന്റെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നതിനും, സഹകരണ മനോഭാവം വളർത്തുന്നതിനും, സഹകരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പരമാവധി പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സഹായകരമാകുന്നതാണ്. പ്രൊഫഷനലുകളെയും, ശാസ്ത്രകാരന്മാരെയും അനുഭാവികളെയും അംഗങ്ങളാക്കി തിരുവനന്തപുരം ആസ്ഥാനമായി സയൻസ് ടെക്നോളജി ആന്റ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഫ് പ്രൊഫഷനൽ ആന്റ് എക്സ്പേർട്സ് സംഘം ക്ലിപ്തം നമ്പർ 4520 രജിസ്റ്റർ ചെയ്തു. പ്രൊഫഷനലുകളെയും, ശാസ്ത്രകാരൻമാരെയും അനുഭാവികളെയും അംഗങ്ങളാക്കി അവർക്കിടയിൽ സഹകരണബോധവം, സ്വാശ്രയ ശീലവും പ്രോത്സാഹിപ്പിക്കുക, സാമൂഹിക പ്രതിബദ്ധതയും പുരോഗമന ചിന്താഗതിയും വളർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് പ്രവർത്തനോദ്ദേശം.

KSCARDB ആധുനിക സാങ്കേതിക വിദ്യയുടെ സൗകര്യം പരമാവധി ഉപയോഗപെടുത്തി വായ്പാ വിതരണ സംവിധാനം പരിഷ്കരിക്കുവാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗപെടുത്തുന്ന എല്ലാ സംരംഭങ്ങൾക്കും ബാങ്ക് വായ്പയും നൽകുന്നുണ്ട്. ഡിജിറ്റൽ ബാങ്കിംഗ് അനുബന്ധ സേവനങ്ങൾ കേരളാ ബാങ്കിൽ നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഗ്രാമ ഗ്രാമാന്തരങ്ങളിലുള്ള കേരളാ ബാങ്കിന്റെ എല്ലാ ഉപഭോക്താക്കൾക്കും ഏറ്റവും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ചെലവ് കുറച്ച് അവരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നു. കൂടാതെ RBI യുടെ അനുമതി ലഭിക്കുന്നതിലൂടെ NRIഅക്കൗണ്ട് സൗകര്യം ആരംഭിക്കുന്നതിനും കേരളാ ബാങ്ക് സജ്ജമായിട്ടുണ്ട്. സഹകരണ മേഖലയിൽ സഹകരണസംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്സ്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കൂടാതെ പുതിയ 200

| | | | |
|---|---|---|---|
| | | | കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. ഇനിയും കൂടുതൽ സഹകരണ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഓൺ ബോർഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നു. |
| (സി) | ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് വിദ്യാഭ്യാസ, തൊഴിൽ നൈപുണ്യ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് തൊഴിൽ നൈപുണ്യ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം ASAP, KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീസ് വായ്പയായി നൽകുന്നതിനായി "നൈപുണ്യം വായ്പാപദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള ഫീസ് വായ്പയായി നൽകുന്നതിനും പ്രസ്തുത കോഴ്സിനു ശേഷം തിരിച്ചടവ് തുടങ്ങുന്നതിനുമാണ് നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. ടി പദ്ധതി പ്രകാരം 21 വായ്പകളിലായി 21,10,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം നേടുന്നതിന് അർഹരായ വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന വിദ്യാഭ്യാസ വായ്പ കേരളാ ബാങ്കിൽ കൂടി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിൽ ഉള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പയായ KB Skill Loan ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിന് കേരളാ സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. |
| (ഡി) | നിയമഭേദഗതികളുൾപ്പെടെയുള്ള നടപടികളിലൂടെ സംസ്ഥാന സഹകരണ മേഖലയെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം ലക്ഷ്യമിട്ട് കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) നിയമം നിലവിൽ വന്നിട്ടുണ്ട്.<br><br>സമഗ്ര ഭേദഗതിയ്ക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ